18 (*313) വിരലടയാള ബ്യൂറോയുടെ പ്രവർത്തനം

ശ്രീ. എം. നാരായണൻ (കുഴൽമന്ദം) :
ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ :
ശ്രീ. പി.ടി. കുഞ്ഞിമുഹമ്മദ് :
ശ്രീ. എം. ദാസൻ :
ശ്രീ. എൻ.ആർ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിരലടയാള ബ്യൂറോയുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യത്തിന് ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എന്തൊക്കെ നടപടി സ്വീകരിച്ചെന്ന് വെളിപ്പെടുത്തുമോ;

(സി) സംസ്ഥാന വിരലടയാളബ്യൂറോ കമ്പ്യൂട്ടർവൽക്കരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതിനായി എന്തൊക്കെ നടപടി സ്വീകരിച്ചെന്ന് വെളിപ്പെടുത്തുമോ;

(ഡി) സംസ്ഥാന വിരലടയാളബ്യൂറോ ഏതെല്ലാം ജില്ലകളിൽ പ്രവർത്തിക്കുന്നുണ്ട്;

(ഇ) വിരലടയാള ബ്യൂറോയുടെ പ്രവർത്തനം മറ്റു ജില്ലകളിലേക്ക് വ്യാപിപ്പിക്കേണ്ടതുണ്ടെന്ന് കരുതുന്നുണ്ടോ; എങ്കിൽ ഇതിനായി എന്തെങ്കിലും നടപടി സ്വീകരിച്ചുവോ; വിശദാംശം വെളിപ്പെടുത്തുമോ?

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ):

(എ) ഉണ്ട്.

(ബി) കുറ്റാന്വേഷണ പ്രവർത്തനങ്ങളെ ശാസ്ത്രീയമായി ആധുനികവൽക്കരിക്കുന്നതിന്റെ ഭാഗമായി അത്യാധുനിക കമ്പ്യൂട്ടർ സംവിധാനം ഏർപ്പെടുത്തി വിരലടയാള ബ്യൂറോയുടെ പ്രവർത്തനം കാര്യക്ഷമമാക്കിയിട്ടുണ്ട്.

(സി) സംസ്ഥാന വിരലടയാളബ്യൂറോയിൽ കമ്പ്യൂട്ടർവൽക്കരണം നടപ്പാക്കി കഴിഞ്ഞു.

(ഡി)-(ഇ) തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിൽ സിറ്റിയിലും റൂറലിലും പ്രത്യേകം പ്രത്യേകമായും, മറ്റെല്ലാ ജില്ലകളിലും ഓരോയിടത്തും കൂടാതെ ക്രൈംബ്രാഞ്ച് സി.ഐ.ഡി വിഭാഗത്തിലും വിരലടയാള ബ്യൂറോ പ്രവർത്തിച്ചുവരുന്നു.

19 (*314) ആരോഗ്യനയം

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. കെ.സി. ജോസഫ് :
ഡോ. എം.എ. കുട്ടപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഗവൺമെന്റിന് ഒരു ആരോഗ്യനയം ഉണ്ടോ; എങ്കിൽ വിശദീകരിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly